**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3318**
**14.07.2015 ലെ മറുപടിക്ക്**

# വികസന നിർമ്മാണ പ്രവൃത്തികളിലെ ധനദുർവ്യയം

| | | |
|---|---|---|
| **ചോദ്യം.**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീ. പി.ടി.എ. റഹിം**<br>**ശ്രീ. ബി.ഡി. ദേവസ്സി** | | **ഉത്തരം.**<br>**ശ്രീ. കെ.എം. മാണി (ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി )** |
| (എ) | സംസ്ഥാനത്തെ വികസന നിർമ്മാണ പ്രവൃത്തികളിൽ വൻ തോതിൽ ധനദുർവ്യയവും അഴിമതിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ; | സംസ്ഥാനത്തെ വികസന നിർമ്മാണ പ്രവൃത്തികളിൽ ധനദുർവ്യയവും അഴിമതിയും നടക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന് ലഭിക്കുന്ന പരാതികൾ ധനകാര്യ പരിശോധന വിഭാഗങ്ങൾ (ടെക്നിക്കൽ/നോൺ ടെക്നിക്കൽ) മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങിക്കുന്നു. സർക്കാർ ഈ റിപ്പോർട്ടുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരം തുടർ നടപടികൾ സ്വികരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ തലവൻമാരെ ചുമതലപ്പെടുത്തുന്നു . |
| (ബി) | ഇന്നത്തെ രീതിയിൽ പദ്ധതി പ്രവർത്തനം നടത്തുമ്പോൾ ധനം ദുർവ്യയം ചെയ്യപ്പെടാനുള്ള സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | പദ്ധതി പ്രവർത്തനം നടത്തുമ്പോൾ ധനം ദുർവ്യയം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടത് അതാത് വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. കരാറിലെ നിബന്ധന പ്രകാരമാണോ പ്രവർത്തികൾ |

| | | |
|---|---|---|
| | വിശദമാക്കുമോ ; | നടക്കുന്നത് എന്നത് സംബന്ധിച്ച് തെരെഞ്ഞെടുക്കുന്ന ഏതാനും പ്രവർത്തികളുടെ പരിശോധന, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ സാങ്കേതിക പരിശോധന വിഭാഗം നടത്താറുണ്ട്. |
| (സി) | സംസ്ഥാനത്തിന് നഷ്ടം വരുന്നത് തടയാനും നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ പൂർണ്ണഫലപ്രാപ്തിയിലെത്തിക്കാനും ഉതകുന്ന തരത്തിൽ എന്ത് മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മറ്റ് നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വഴി സംസ്ഥാനത്തിന് നഷ്ടം വരുന്നത് തടയാനും നടക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണഫലപ്രാപ്തിയിലെത്തിക്കാനും സാധിക്കുന്നതാണ് . |

**സെക്ഷൻ ഓഫീസർ**